ADORE

# അഡോർ പ്രവർത്തന റിപ്പോർട്ട്

## 2025 - 26

# വയലേലകളിൽനിന്നും



**ADORE mission** മാർത്തോമാ സഭ
ഏറ്റെടുക്കുന്നതിന്റെ ഭാഗമായി
സഭാ സെക്രട്ടറി റവ എബി റ്റി മാമ്മൻ
ഹോസ്റ്റൽ സന്ദർശിച്ചപ്പോൾ

ADORE Boys Hostel Students



ADORE Girls Hostel Students




3rd Std


4th Std


5th Std


6th Std


7th Std


**Ms. Angel Kusulia -**
Best Student Award 2025-26
Govt. UP School, Jimidipet


**Ms. Sucharita Lima -**
District Level 2nd Prize in
Creative Writing


8th Std


Hostel Students

# അഡോർ പ്രവർത്തനങ്ങൾ : ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുന്നു

പ്രിയരേ,

ആയിരത്തിതൊള്ളായിരത്തി എൺപതുകളുടെ മദ്ധ്യത്തിൽ അത്മായ നേതൃത്വത്തിൽ രൂപം കൊള്ളുകയും വളരുകയും ചെയ്ത അഡോർ (ADORE) എന്ന സുവിശേഷ പ്രചരണ പ്രസ്ഥാനം, അതിന്റെ വളർച്ചയിലെ പുതിയ ഒരു ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ് എന്ന വസ്തുത എല്ലാവരേയും അറിയിക്കട്ടെ. അഡോറിന്റെ പ്രവർത്തനങ്ങൾ മാർത്തോമ സഭ ഏറ്റെടുക്കുകയാണ്. അഡോറിന് നേതൃത്വം നൽകി വരുന്ന ടീം പ്രായത്തിന്റെ വൈഷമ്യങ്ങളും ആവശ്യമായ വിഭവങ്ങൾ ക്രമീകരിക്കുവാനും ഉള്ള ബുദ്ധിമുട്ടുകളും, ക്രമീകൃതമായി ഫീൽഡു സന്ദർശനത്തിനുള്ള യാത്ര പ്രശ്നങ്ങളും ഒക്കെ കൊണ്ട് മുടങ്ങാതെ കൊണ്ടുപോകാൻ കഴിയുന്ന കരങ്ങളിൽ അഡോറിനെ ഭരമേൽപ്പിക്കണ മെന്നുള്ള ചർച്ചകൾ നമ്മുടെ കൂട്ടായ്മയിൽ സജീവമായിരുന്നു. ആയതിന് അഡോറിന്റെ പൊതുയോഗത്തിന്റെ തീരുമാനം ഉണ്ടാവുകയും ചെയ്തി രുന്നു. മാർത്തോമ്മ സഭയോ സഭയുടെ ഏതെങ്കിലും സംഘടനകളോ ഇതിന് താല്പര്യം പ്രകടിപ്പിച്ചാൽ മുൻഗണന നൽകണമെന്നും അഡോർ ഹോസ്റ്റലുകളും, സ്ഥാവര ജംഗമ സ്വത്തുക്കളും സഭയ്ക്ക് വിട്ടു നൽകാനും തീരുമാനം കൈക്കൊണ്ടിരുന്നു. അതിൻ പ്രകാരം അഡോർ പ്രസിഡന്റ് പ്രൊഫ.എ.വി. ഇട്ടിയെ മാർത്തോമ്മാ സഭയുടെ ചുമതലക്കാരെയും മെത്രാപ്പോലിത്തായേയും ബന്ധപ്പെടുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു. നമ്മുടെ ഈ താല്പര്യം മെത്രാപ്പോലീത്തായും സഭാ ചുതമലക്കാരും സന്തോഷപൂർവ്വം സ്വീകരിക്കുകയും തുടർന്നുള്ള ചർച്ചകൾക്കായി മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ പുലാത്തീ നിലേക്ക് ക്ഷണിക്കുകയും ചെയ്തു. പ്രൊഫ.എ.വി.ഇട്ടി, കോരുതു ശാമുവേൽ, പി.ഒ.സണ്ണി എന്നിവർ മെത്രാപ്പോലീത്താ, സഭാ സെക്രട്ടറി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി, സീനിയർ വികാരി ജനറാൾ, മൈത്രാപ്പോ

ലിത്തയുടെ സെക്രട്ടറി എന്നിവരുമായി ഉള്ള മീറ്റിംഗിൽ പങ്കെടുത്ത് ആവശ്യമായ ചർച്ചകൾ നടത്തുകയും ചെയ്തു. അതിന്റെ പശ്ചാത്തല ത്തിൽ 2026-27 അദ്ധ്യായന വർഷം മുതൽ ഹോസ്റ്റൽ പ്രവർത്തനങ്ങൾ മാർത്തോമ്മ സഭ ഏറ്റെടുത്ത് നടത്താമെന്ന് സമ്മതിക്കുകയും ചെയ്തു. തുടർന്ന് മാർത്തോമ്മ സഭാ കൗൺസിൽ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും അഡോർ സൊസൈറ്റി സഭയുടെ ചുമതലക്കാരെ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാനും തീരുമാനിച്ചു. ഈ പശ്ചാത്ത ലത്തിൽ പുതിയ സൊസൈറ്റി മീറ്റിംഗ് തിരുവല്ലാ സഭാ കൗൺസിൽ ചേമ്പറിൽ കൂടി വാർഷിക റിപ്പോർട്ടും ആഡിറ്റഡ് വരവ് ചിലവ് കണക്കു കൾ അംഗീകരിക്കുകയും ചെയ്തു. താഴെപറയുന്ന പ്രകാരം ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1. അഡോർ എന്ന പേര് തന്നെ സൊസൈറ്റി തുടർന്നും ഉപയോഗിക്കും. നിലവിലെ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ മുന്നോട്ട് കൊണ്ട് പോകുന്നതും ആയിരിക്കും.
2. നിലവിലെ അഡോർ കമ്മിറ്റിയിലെ അംഗങ്ങളിൽ നോൺ മാർത്തോ മൈറ്റ് അംഗങ്ങൾ സ്വയം രാജിവച്ച് ഒഴിവാകുന്നതാണ്.
3. കൊല്ലം കേന്ദ്രീകരിച്ച് തന്നെ അഡോർ കമ്മിറ്റി സൊസൈറ്റി പ്രവർത്തനങ്ങൾ തുടരുന്നതാണ്.
4. ലേഡീസ് ഹോസറ്റലിന്റെ പേര് എസ്.കെ.എബ്രഹാം മെമ്മോറിയൽ എന്നത് അപ്രകാരം തന്നെ തുടരുന്നതാണ്.
5. നിലവിലെ എൻഡോവ്മെന്റുകൾ എല്ലാം അതേപ്പടി നിലനിർത്തുന്ന താണ്.

അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്താ പുതിയ അഡോർ പ്രസിഡന്റായും റവ.എബി.റ്റി.മാമ്മൻ പുതിയ സെക്രട്ടറിയായും റവ.ഡേവിഡ് ഡാനിയേലിൻ പുതിയ ട്രഷറർ ആയും തുടർന്ന് പ്രവർത്തിക്കുന്നതായിരിക്കും. നാല് അംഗങ്ങളെ കൂടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു.

പുതിയ മാറ്റങ്ങൾ അഡോറിന്റെ പ്രവർത്തനങ്ങൾ കൂടുതൽ

ശക്തിയോടെ മുന്നോട്ട് പോകുവാൻ ഇടയാകും എന്നതിൽ സംശയമില്ല. ബദ്ധന്മാർക്ക് വിടുതലും കുരുടർക്ക് കാഴ്ചയും പീഡിതർക്ക് വിമോചനും ദരിദ്രർക്ക് സുവാർത്തയും ആയിത്തീരുവാനും അതിൽ അഡോർ പ്രവർത്തനങ്ങൾ ശക്തിയോടെ മുന്നേറുവാനും പുതിയ മാറ്റങ്ങൾ ഇടയായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തുടർന്നും എല്ലാവരുടെയും പിന്തുണയും സഹകരണവും ഈ പ്രവർത്തനങ്ങൾക്ക് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കർത്താവ് നമ്മേ എല്ലാവരേയും അനുഗ്രഹിക്കട്ടെ

എന്ന്

(ഒപ്പ്)

**ജേക്കബ്ബ് ഈശോ**
സെക്രട്ടറി

(ഒപ്പ്)

**പ്രൊഫ.എ.വി.ഇട്ടി**
പ്രസിഡന്റ്

# ADORE MISSION
## 2025-2026
## വാർഷിക റിപ്പോർട്ട്

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ഇക്കഴിഞ്ഞ രണ്ട് വർഷങ്ങളിലെ റിപ്പോർട്ടുകൾ ലോകത്തിന്റെ പലഭാഗത്തായി നടന്നു കൊണ്ടിരിക്കുന്ന യുദ്ധങ്ങളെ പരാമർശിച്ചു കൊണ്ടാണ് ആരംഭിച്ചിരുന്നത്. ആ യുദ്ധങ്ങൾ പലതും ഇന്നും തുടരുകയാണ്. മാത്രമല്ല, ഇറാനുമായി ബന്ധപ്പെട്ട സംഘർഷങ്ങളും ശക്തിപ്രാപിച്ച് പശ്ചിമേഷ്യ മുഴുവൻ സംഘർഷഭീതിയിലേക്കാണ് നീങ്ങുന്നത്. ഈ യുദ്ധങ്ങൾ ലോകമെമ്പാടും ഗൗരവമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ് എന്ന് ദുഃഖകരമായ സ്ഥിതി വിശേഷം ഉണ്ട്.

'മാ നിഷാദ' 'ഹേ കാട്ടാളാ, നീ ചെയ്യരുത്' എന്ന് ഉറച്ച സ്വരത്തിൽ പറയാൻ ഒരൊറ്റ ലോക നേതാവോ, മതനേതാവോ മുന്നോട്ട് വരാത്തത് ദുഃഖകരമായ സത്യമാണ്. ഇന്നത്തെ ആഗോള രാഷ്ട്രീയത്തിലെ പ്രധാന ശക്തികളായ വ്ലാഡിമിർ പുടിനും ഡൊണാൾഡ് ട്രംപും തങ്ങളുടെ ക്രിസ്തീയ പാരമ്പര്യത്തെയും വിശ്വാസത്തെയും പലപ്പോഴും ഉയർത്തിക്കാട്ടാറുണ്ട്.

വ്ലാഡിമിർ പുടിൻ റഷ്യൻ ഓർത്തഡോക്സ് സഭയുമായി ചേർന്ന് തന്റെ ദേശീയതയും അധികാരവും ശക്തിപ്പെടുത്തുന്നു. എന്നാൽ, യുക്രെയ്നിലെ അധിനിവേശം വലിയ മാനുഷിക ദുരന്തത്തിന് കാരണമാകുമ്പോൾ, അവിടുത്തെ സഹോദരതുല്യരായ ക്രൈസ്തവർ തന്നെ നേരിട്ട് ബാധിക്കപ്പെടുന്നു. രാഷ്ട്രീയ ലാഭത്തിനായി വിശ്വാസത്തെ ഉപയോഗിക്കുമ്പോൾ സമാധാനത്തിന്റെ സുവിശേഷം പലപ്പോഴും വിസ്മൃതിയിൽ ആണ്ടുപോവുകയാണ്.

ഡൊണാൾഡ് ട്രംപ് അമേരിക്കയിലെ യാഥാസ്ഥിതിക ക്രൈസ്തവ വോട്ടർമാരുടെ ശക്തമായ പിന്തുണയുള്ള നേതാവാണ്. 'അമേരിക്ക

ഫസ്റ്റ്' എന്ന നയത്തിലൂടെ യുദ്ധങ്ങളിൽ നിന്ന് പിന്മാറുമെന്ന് അവകാശപ്പെടുമ്പോഴും, അദ്ദേഹത്തിന്റെ രാഷ്ട്രീയ നിലപാടുകൾ പലപ്പോഴും ആഗോള തലത്തിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്നു. സഹിഷ്ണതയും കരുണയും അടിസ്ഥാനമാക്കിയുള്ള ക്രൈസ്തവ മൂല്യങ്ങൾ രാഷ്ട്രീയ അധികാര മത്സരങ്ങളിൽ എത്രത്തോളം പ്രാവർത്തികമാകുന്നു എന്നത് ഇപ്പോഴും ഒരു ചോദ്യചിഹ്നമായി തുടരുകയാണ്. ഭരണാധികാരികൾ തങ്ങളുടെ അധികാരം ദൈവത്തിന്റെ ദാനമായി കാണുന്നുവെങ്കിൽ, അവർ നീതി നടപ്പിലാക്കാൻ ബാധ്യസ്ഥരാണ്. 'സാധ്യമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ' (റോമർ 12:18) എന്ന അപ്പോസ്തോലിക ഉപദേശം ഭരണാധികാരികൾക്കും ബാധകമാണ്.

യേശുക്രിസ്തുവിന്റെ സുവിശേഷം അടിസ്ഥാനപരമായി സമാധാനത്തെ പ്രഘോഷിക്കുന്നതാണ്. 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും' (മത്തായി 5:9) എന്ന വചനം ക്രൈസ്തവ ധാർമ്മികതയുടെ അടിസ്ഥാനം തന്നെയാണ്.

അപരനെ സ്നേഹിക്കുക: ശത്രുവിനെപ്പോലും സ്നേഹിക്കാൻ പഠിപ്പിക്കുന്ന ക്രിസ്തുദർശനം യുദ്ധത്തിനെതിരായ ഏറ്റവും ശക്തമായ ആയുധമാണ്. ആയുധങ്ങളല്ല, മറിച്ച് മധ്യസ്ഥതയും സംവാദങ്ങളും ആണ് പ്രശ്നപരിഹാരത്തിനുള്ള യഥാർത്ഥ മാർഗമെന്നതാണ് ക്രൈസ്തവ ദർശനം. ഓരോ മനുഷ്യനും ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണ്; അതുകൊണ്ട് അവരുടെ മഹത്വം സംരക്ഷിക്കപ്പെടണം. 'സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതച്ച് നീതിയുടെ ഫലം കൊയ്യുന്നു' (യാക്കോബ് 3:18).

അധികാരമോഹവും ആയുധക്കച്ചവടവും ലോകത്തെ നാശത്തിലേക്ക് നയിക്കുമ്പോൾ, സമാധാനത്തിന്റെ വ്യക്താക്കളാകാൻ വിശ്വാസികൾക്കും ലോകനേതാക്കൾക്കും കടമയുണ്ട്. ട്രംപിനെയും പുടിനെയും പോലെ നേതാക്കൾ ക്രൈസ്തവ വിശ്വാസത്തെ ഗൗരവമായി എടുക്കു

ന്നുവെങ്കിൽ, അക്രമത്തേക്കാൾ അനുരഞ്ജനത്തിന്റെ പാത തിരഞ്ഞെടുക്കാൻ അവർ തയ്യാറാകണം.

മാനവികത എന്നത് സഹജീവികളോടുള്ള സഹാനുഭൂതിയാണ്. ആയുധങ്ങൾ നിശ്ശബ്ദമാകുകയും സ്നേഹത്തിന്റെ ഭാഷ സംസാരിക്കുകയും ചെയ്യുന്ന ഒരു ലോകത്തിനായി നമുക്ക് പ്രത്യാശിക്കാം. സമാധാനമില്ലാത്ത ലോകത്തിൽ ആർക്കും യഥാർത്ഥ വിജയം ഇല്ല; അവിടെ എല്ലാവരും പരാജിതരാണ്. അതുകൊണ്ട് ക്രൈസ്തവർ എന്ന നിലയിൽ ലോകനേതാക്കളെ നേർവഴിയിൽ നയിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

ഭാരതത്തിൽ ജനാധിപത്യത്തിനും മതേതരത്വത്തിനും സുവിശേഷ പ്രഘോഷണത്തിനും ഭീഷണികൾ നേരിടുന്ന സാഹചര്യം നിലനിൽക്കുകയാണ്. മണിപ്പൂർ കലാപം ഇതുവരെ പൂർണ്ണമായി ശമിച്ചിട്ടില്ല. 2025 ജൂലൈയിൽ കേരളത്തിൽ നിന്നുള്ള രണ്ട് കന്യാസ്ത്രീകൾ ഉൾപ്പെടെ മൂന്നുപേരെ നിർബന്ധിത മതപരിവർത്തനാരോപണത്തിൽ ഛത്തീസ്ഘട്ടിലെ ദുർഗ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്ത് ജയിലിലടച്ച സംഭവം നമുക്ക് ഓർമ്മയിലുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിലുള്ള വ്യാജ കേസുകൾ ഉയർന്നു വരുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 2025-ൽ മാത്രം ഏകദേശം 900 ത്തോളം ഇത്തരം കേസുകൾ രേഖപ്പെടുത്തിയതായി ചില റിപ്പോർട്ടുകളിൽ കാണുന്നു.

മഹാരാഷ്ട്ര നിയമസഭയിൽ അവതരിപ്പിച്ച 'മഹാരാഷ്ട്ര മത സ്വാതന്ത്ര്യ ബിൽ 2026' (Maharasthra Freedom of Religion Bill 2026) വ്യാപകമായ ചർച്ചകൾക്ക് വഴിതെളിച്ചിരിക്കുകയാണ്. ഈ ബില്ലിലെ 'പ്രലോഭനം' (Allurement) എന്ന പദത്തിന്റെ നിർവചനം വളരെ വ്യാപകമാണ്. പാവപ്പെട്ട വർക്ക് നൽകുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ പോലും 'മതപരിവർ ത്തനത്തിനുള്ള പ്രലോഭനം' എന്നായി വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് ക്രൈസ്തവ സംഘടനകൾ ആശങ്കപ്പെടുന്നു. ഇത് ഗ്രാമ പ്രദേശങ്ങളിലെ മിഷൻ പ്രവർത്തനങ്ങളെയും സുവിശേഷ പ്രഘോഷണങ്ങളെയും നിയമപരമായ പ്രതിസന്ധികളിലേക്ക് നയിക്കാൻ ഇടയാക്കാം. കൂടാതെ, 'സുവോ മോട്ടോ' (Suo Moto)

വ്യവസ്ഥ പ്രകാരം പോലീസിന് സ്വമേധയാ കേസുകൾ എടുക്കാൻ കഴിയുന്നതും ഈ ബില്ലിലെ ഏറ്റവും വിവാദപരമായ ഘടകങ്ങളിലൊന്നാണ്. ഇതിലൂടെ മനുഷ്യാവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യവും ഉയർന്നുവരുന്നു.

ഈ ആഗോളവും ദേശീയവുമായ പ്രതിസന്ധികളിലൂടെയും ഒഡിഷയിലെ ഉൾഗ്രാമങ്ങളിൽ അഡോർ (ADORE) മിഷന്റെ സുവിശേഷ പ്രവർത്തനങ്ങൾ തുടർച്ചയായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവിക കൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. ഒറീസ്സാ സംസ്ഥാനത്ത് കഴിഞ്ഞ വർഷം നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ BJP ഭരണത്തിലേക്ക് വന്നത് തെല്ല് ആശങ്കയുണർത്തുന്നതാണ്.

ഒഡിഷ സംസ്ഥാനത്തിലെ റായ്ഗഡ ജില്ലയിൽ ജിമിദിപേട്ട ഗ്രാമം കേന്ദ്രീകരിച്ചാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ജിമിദിപേട്ടയിൽ 50 പെൺകുട്ടികൾക്ക് താമസസൗകര്യമുള്ള ഒരു ഹോസ്റ്റൽ പ്രവർത്തിക്കുന്നു. അതിൽ നിന്ന് ഏകദേശം 2 കിലോമീറ്റർ അകലെയുള്ള 'ഗുഡം' എന്ന സ്ഥലത്ത് 30 ആൺകുട്ടികൾക്ക് താമസിക്കാവുന്ന മറ്റൊരു ഹോസ്റ്റലും പ്രവർത്തിക്കുന്നു.

ഇതിന് പുറമെ ഗ്രാമങ്ങളെ ശക്തിപ്പെടുത്തുന്നതിനായി വിവിധ സാമൂഹികവികസന പ്രവർത്തനങ്ങളും തുടരുന്നു. അമ്പാഗുഡ (Ambaguda), തെലിസു (Telisu), ഉസീരികാപാട് (Usirikapadu) എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് റിപ്പോർട്ട് വർഷത്തിൽ ഗ്രാമവികസന പ്രവർത്തനങ്ങൾ നടന്നു വന്നത്.

**സുപ്രധാന തീരുമാനം**

അഡോർ (Agency for Development of Oppressed Through Relief and Education) എന്നത് 1984ൽ കൊല്ലത്ത്, 1955ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മസംഘങ്ങൾ രജിസ്റ്റർ ചെയ്യൽ ആക്ട് പ്രകാരം രൂപീകരി ക്കപ്പെട്ട ഒരു സംഘടനയാണ്. കുളക്കടയിലെ ഫുൾ നൈറ്റ് പ്രാർത്ഥനാ കൂട്ടായ്മയുടെ ഫലമായി ഇത് ആരംഭിച്ചു. Deeper Life Fellow-

ship, കൊട്ടാരക്കര കൂട്ടായ്മ, കൊല്ലത്ത് ഉണ്ടായിരുന്ന Second Saturday Fellowship എന്നിവയുടെ സംയുക്ത രൂപമായിരുന്നു ഈ കൂട്ടായ്മ. അതിനാൽ തന്നെ, സംഘടന സുവിശേഷതൽപരമായ ഒരു എക്യൂമെനിക്കൽ (Ecumenical) രീതിയിൽ പ്രവർത്തിച്ചു വരുന്നു.

അഡോർ എന്ന സംഘടന രൂപീകരിച്ചതും പ്രവർത്തിച്ചതും ആത്മായരുടെ നേതൃത്വത്തിലായിരുന്നു. ദരിദ്രരോട് പക്ഷം ചേരുന്ന ലാളിത്യ ജീവിതശൈലി സ്വീകരിച്ച്, ഭാരതത്തിലെ ഗ്രാമങ്ങളിൽ ദൈവരാജ്യം സാക്ഷാത്കരിക്കുവാനുള്ള സുവിശേഷ പ്രവർത്തനമാണ് അഡോറിന്റെ പ്രധാന ലക്ഷ്യം.

സംഘടനയുടെ ആദ്യ പ്രസിഡന്റായി കൊട്ടാരക്കര സ്വദേശിയായ വിരമിച്ച DTO ശ്രീ സി. ഫിലിപ്പ് പ്രവർത്തിച്ചു. സെക്രട്ടറിയായി ഡോ. കോശി ജോർജ്, ട്രഷററായി ശ്രീ എസ്. കെ. എബ്രഹാം എന്നിവർ സേവനം അനുഷ്ഠിച്ചു. തുടർന്ന്, 25.07.1994ന് പ്രൊഫ. എ. വി. ഇട്ടി പ്രസിഡന്റായി ചുമതലയേറ്റു. ശ്രീ എസ്. കെ. എബ്രഹാം പൂർണ്ണസമയ സുവിശേഷ പ്രവർത്തനത്തിലേക്ക് പ്രവേശിച്ചതിനാൽ, 01.03.1996ന് ശ്രീ കെ. ജെ. ജോൺ ട്രഷററായി ചുമതലയേറ്റു. തുടർന്ന് ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് 01.04.2019 മുതൽ ശ്രീ കോരുത് സാമുവേൽ ട്രഷററായി തുടരുന്നു. ഡോ. കോശി ജോർജ് 26.07.2020ന് സെക്രട്ടറിയുടെ സ്ഥാനത്ത് നിന്ന് ഒഴിഞ്ഞതിനാൽ, ശ്രീ ജേക്കബ് ഈശോ സെക്രട്ടറിയായി ചുമതലയേറ്റു.

അഡോർ ഏതെങ്കിലും ഒരു സഭയുടെ ഔദ്യോഗിക വിഭാഗമായിരുന്നില്ല. വിവിധ സഭകളിൽപ്പെട്ട സുവിശേഷ പ്രവർത്തനത്തിൽ താൽപര്യമുള്ള അത്മായർ ചേർന്ന് രൂപീകരിച്ച സംഘടനയായതിനാൽ, അതിന്റെ സാമ്പത്തിക വിഭവങ്ങൾ സ്വയം കണ്ടെത്തേണ്ട സാഹചര്യമുണ്ടായിരുന്നു. ഓരോ വർഷവും ചെലവുകൾ വർധിക്കുകയും വരുമാനം കുറഞ്ഞുവരികയും ചെയ്തതിനാൽ, അഡോർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു.

കൂടാതെ, അംഗങ്ങളുടെ പ്രായാധിക്യം മൂലം പ്രവർത്തന ശേഷി കുറയുകയും ചെയ്ത സാഹചര്യത്തിൽ, 2025 മേയ് 31ന് ചേർന്ന പൊതുയോഗത്തിൽ, അഡോറിന്റെ ദൗത്യം തുടർന്നു കൊണ്ടുപോകാനുള്ള നിബന്ധനകളോടെ അത് മാർത്തോമാ സഭയ്ക്ക് കൈമാറാൻ തീരുമാനിച്ചു. അഡോറിന്റെ നിലവിലുള്ള ദൗത്യവും ലക്ഷ്യങ്ങളും തുടരണം; "ADORE' എന്ന പേര് നിലനിർത്തണം; പെൺകുട്ടികളുടെ ഹോസ്റ്റലിന് 'എസ്. കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഹോസ്റ്റൽ' എന്ന പേര് തുടർന്നുപയോഗിക്കണം; എല്ലാ എൻഡോവ്മെന്റുകളും (സ്ഥിരനിക്ഷേപങ്ങൾ) അവയുടെ സ്മാരകനാമങ്ങളോടും സ്ഥാപകരുടെ പേരുകളോടും കൂടി തുടരുകയും സംരക്ഷിക്കുകയും വേണം ഇവയാണ് പ്രസ്തുത നിബന്ധനകൾ. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**പ്രവർത്തന പരിണാമം**

അഡോറിന്റെ സുവിശേഷ പ്രവർത്തനം ആദ്യം ആരംഭിച്ചത് ഛത്തീസ്ഗഢിലെ റായ്പൂരിനടുത്തുള്ള ഗാത്താപ്പാറ ഗ്രാമത്തെ കേന്ദ്രമാക്കി ആയിരുന്നു. അഡോർ എന്ന സംഘടന രൂപീകരിക്കുന്നതിന് മുമ്പ്, 1982 ഒക്ടോബറിലായിരുന്നു ഈ പ്രവർത്തനങ്ങൾക്ക് തുടക്കമായത്. പ്രധാനമായും സത്നാമീസ് (Sathnamis) എന്ന ദളിത് സമൂഹത്തിനിടയിലായിരുന്നു പ്രവർത്തനം.

തുടർന്ന്, മുന്നണി പ്രവർത്തകരുടെ കൂട്ടായ്മ 'ആവാസ്' (AWAZ) എന്ന പേരിലും, കേരളത്തിൽ താമസിച്ച് മുന്നണിയിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവസമാഹരണം നിർവഹിച്ചിരുന്ന പിന്നണി പ്രവർത്തകരുടെ കൂട്ടായ്മ 'അഡോർ' എന്ന പേരിലും രൂപീകരിക്കപ്പെട്ടു. 1984 ഏപ്രിൽ 4ന് അഡോർ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടു.

ഈ സുവിശേഷ പ്രവർത്തനം റായ്പൂരിന്റെ അയൽജില്ലയായ രാജ്നന്ദ്ഗാവിലേക്ക് വ്യാപിക്കുകയും, തദ്ദേശവാസികളായ യുവാക്കളെ പരിശീലിപ്പിക്കുന്നതിനായി ഒരു ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കു

കയും ചെയ്തു. തുടർന്ന് ഈ പ്രവർത്തനങ്ങൾ ഒഡീഷയിലെ കലഹണ്ടി, റായഗഡ ജില്ലകളിലും, ആന്ധ്രപ്രദേശിലെ ഗജപതി ജില്ലയിലും വ്യാപിച്ചു.

ആദ്യകാലഘട്ടത്തിൽ അഡോർ ആവാസ് സുവിശേഷ പ്രവർത്തനം ഒരു പോരാട്ട ശൈലി സ്വീകരിച്ചിരുന്നു. സത്നാമീസ് ദളിത് സമൂഹത്തിന്റെ അവകാശങ്ങൾക്കായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ സംഘം നേതൃത്വം വഹിച്ചു. ഇത് പ്രവർത്തകരുടെ ജീവന് ഭീഷണിയാകുന്ന സാഹചര്യമുണ്ടാക്കി. അതിനാൽ പിന്നീട് പ്രവർത്തനം ഒഡീഷയെ കേന്ദ്രീകരിച്ച് മുന്നോട്ടുകൊണ്ടുപോയി.

ഗ്രാമങ്ങളുമായുള്ള ബന്ധം ശക്തമായതോടെ, അവിടെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്തുകയും അവരുടെ പിന്നോക്കാവസ്ഥക്കും ചൂഷിതാവസ്ഥക്കും പ്രധാന കാരണമായിരുന്ന അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തതയിലേക്ക് സംഘത്തിന്റെ ശ്രദ്ധ തിരിഞ്ഞു. ഇതിന്റെ ഭാഗമായി, സ്കൂൾ സൗകര്യമില്ലാത്ത ദൂരഗ്രാമങ്ങളിൽ നിന്നുള്ള കുട്ടികളെ കൊണ്ടുവന്ന് താമസിപ്പിച്ച് പഠിപ്പിക്കുന്ന പദ്ധതി രൂപപ്പെട്ടു.

അതിനനുസരിച്ച്, സ്കൂൾ സൗകര്യമുള്ള പ്രദേശങ്ങളിൽ ഹോസ്റ്റൽ സംവിധാനം ആരംഭിക്കാൻ തീരുമാനിച്ചു. ജില്ലാ ആസ്ഥാനമായ റായഗഡ പട്ടണത്തിൽ നിന്ന് വിശാഖപട്ടണം റൂട്ടിൽ ഏകദേശം 16 കിലോമീറ്റർ അകലെയുള്ള ജിമിദിപേട്ടയിൽ ഒരു ഹോസ്റ്റൽ സ്ഥാപനം ആരംഭിക്കപ്പെട്ടു.

ഇതിനിടയിൽ, ഭൂമിയില്ലാത്ത ആദിവാസികളെ താമസിപ്പിച്ച് സ്വാഭാവിക കൃഷിരീതികൾ പഠിപ്പിക്കുകയും കമ്മ്യൂൺ ജീവിതരീതി പരീക്ഷിക്കുവാൻ വേണ്ടി റായഗഡ ജില്ലയിലെ കോൾനാറയിൽ നൂറിലധികം ഏക്കർ സ്ഥലം വാങ്ങി ANACFRI (Adore Natural and Collective Farming Research Institute) എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. എന്നാൽ, ഈ ജീവിതരീതി ആദിവാസികളുടെ സ്വഭാവ സാംസ്കാരിക രീതിയുമായി പൊരുത്തപ്പെടാത്തതിനാൽ അവർ പിന്നീട് അത് ഉപേക്ഷിച്ചു. തുടർന്ന്, ആർ.എസ്.എസ്. ബന്ധമുള്ള ഒരു

തഹസിൽദാരുടെ പിൻബലത്തോടെ സമീപ പ്രദേശങ്ങളിലെ ഭൂമിയില്ലാത്ത കർഷകർ ആ ഭൂമി ബലംപ്രയോഗിച്ച് കയ്യേറിയതിനാൽ, ഈ പദ്ധതി അവസാനിപ്പിക്കേണ്ടിവന്നു.

തുടർന്ന് ഹോസ്റ്റൽ പ്രവർത്തനം വ്യാപിപ്പിച്ചു. 2006 ഓടെ റായഗഡ, കലഹണ്ടി, ഗജപതി ജില്ലകളിലായി ഏകദേശം 50 ഹോസ്റ്റലുകൾ ഉൾക്കൊള്ളുന്ന ഒരു വലിയ പ്രസ്ഥാനമായി ഇത് വളർന്നു. എന്നാൽ, ഇത്രയും ഹോസ്റ്റലുകൾ ഗുണപരമായി കൈകാര്യം ചെയ്യുന്നതും ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ സമാഹരിക്കുന്നതും പ്രയാസമായതിനാൽ, ഈ ഹോസ്റ്റലുകൾ മറ്റ് ഏജൻസികൾക്ക് കൈമാറി അഡോർ ജിമിദിപേട്ടയിലെ പ്രധാന ഹോസ്റ്റലിൽ പ്രവർത്തനത്തിൽ കേന്ദ്രീകരിച്ചു.

തുടർന്ന്, 2009ൽ ജിമിദിപേട്ട റെയിൽവേ സ്റ്റേഷന്റെ സമീപത്ത് 30 ആൺകുട്ടികൾക്ക് താമസിക്കാവുന്ന പുതിയ ഹോസ്റ്റൽ കെട്ടിടം പണിതു. ജിമിദിപേട്ടയിലെ പഴയ ഹോസ്റ്റൽ 50 പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലായി നിലനിർത്തി. ശ്രീ. എസ്. കെ. എബ്രഹാമിന്റെ നിര്യാണത്തിന് ശേഷം, ഈ ഹോസ്റ്റലിന് അദ്ദേഹത്തിന്റെ പേരിൽ നാമകരണം ചെയ്തു. കൂടാതെ, 2021ൽ എസ്. കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഹോസ്റ്റൽ വളപ്പിൽ ഒരു സർവീസ് ക്വാർട്ടേഴ്സും നിർമ്മിച്ചു.

ഹോസ്റ്റൽ പ്രവർത്തനത്തോടൊപ്പം ഗ്രാമസന്ദർശനം പതിവായ ഒരു സുവിശേഷ പ്രവർത്തനമായി തുടരുകയും ചെയ്തു. 2021ൽ ഇത് ഗ്രാമങ്ങളെ ശക്തിപ്പെടുത്തുന്ന വികസനപരിപാടിയായി രൂപാന്തരം നേടി. ഗ്രാമങ്ങളിലെ സർവേ നടത്തി അവയുടെ വികസന പോരായ്മകൾ തിരിച്ചറിഞ്ഞ്, പഞ്ചായത്തിരാജ് സംവിധാനത്തോടും ജില്ലാ ഭരണ സംവിധാനങ്ങളോടും സഹകരിച്ച് ഗ്രാമവാസികൾ തന്നെ ഈ പോരായ്മകൾ നികത്തുന്നതിനായി നേതൃത്വം നൽകുന്ന പരിപാടികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി മൂന്ന് ഗ്രാമങ്ങൾ തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചു. കൂടാതെ, ഈ ഗ്രാമങ്ങളിൽ സാക്ഷരത പ്രവർത്തനങ്ങളും സ്കൂൾ കുട്ടികൾക്ക് പഠനസഹായവും ട്യൂഷനും നൽകുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു. ഈ പ്രവർത്തനം ഇപ്പോഴും തുടരുന്നു.

ഈ പ്രവർത്തനങ്ങൾക്കൊക്കെയും ദർശനവും മുന്നണിനേതൃത്വവും നൽകിയത് അഡ്വ. പി. എ. സൈറസ് ആണ്. മുന്നണി പ്രവർത്തനങ്ങളിൽ അതുല്യമായ പങ്ക് വഹിച്ചു ശ്രീ എസ്. കെ. എബ്രഹാം, Bank of Madurai യിലെ മികച്ച ജോലി രാജിവെച്ച് കുടുംബത്തോടൊപ്പം അഡോർ- ആവാസ് പ്രവർത്തനത്തിൽ പങ്കുചേർന്ന പരേതനായ ശ്രീ എസ്. മാത്യൂവിനെയും (കറ്റാനം) ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാണ്. ഈ പ്രസ്ഥാനത്തിന്റെ സാമ്പത്തിക വിഭവങ്ങൾ പ്രധാനമായും വ്യക്തികളുടെ സംഭാവനകളും സ്പോൺസർഷിപ്പുകളും എൻഡോവ്മെന്റുകളും മുഖേനയാണ് സമാഹരിച്ചിരിക്കുന്നത്. ഈ വിഭവസമാഹരണത്തിൽ മുഖ്യ പങ്കുവഹിച്ചത് പ്രൊഫ. എ. വി. ഇട്ടിയും ശ്രീ എസ്. കെ. എബ്രഹാമും ആണ്. ശ്രീ പി. ഓ. സണ്ണി ഈ പ്രസ്ഥാനത്തിന്റെ കെട്ടിട നിർമാണ നിർദ്ദേശകനായി സേവനം അനുഷ്ഠിച്ചു.

അമേരിക്കയിൽ നിന്നുള്ള ജോലി രാജിവെച്ച് എത്തിയ ശ്രീമതി ജെസ്സിയും അവരുടെ ഭർത്താവായ ശ്രീ ജോണിക്കുട്ടിയും ആദ്യകാല ഹോസ്റ്റൽ വാർഡന്മാരായി പ്രവർത്തിച്ചു. തുടർന്ന് ശ്രീ ഉമ്മച്ചൻ വാർഡനായും സേവനം അനുഷ്ഠിച്ചു. ശ്രീ ഉമ്മച്ചൻ വിരമിച്ചതിനെ തുടർന്ന്, ശ്രീ ഗീവർഗീസ് എബ്രഹാം (ജോർജുകുട്ടി) പ്രസ്ഥാനത്തിന്റെ പ്രാദേശിക പ്രവർത്തനങ്ങളുടെ ഡയറക്ടറായി ചുമതലയേറ്റു. അദ്ദേഹത്തിന്റെ സഹധർമ്മിണിയായ ശ്രീമതി പൊടിയമ്മ ഹോസ്റ്റൽ വാർഡനായി സേവനം ചെയ്തു.

ഇപ്പോൾ ശ്രീ പി. സി. ജോൺ അഡോറിന്റെ മുന്നണി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണിയായ ശ്രീമതി ജോളി, ഗേൾസ് ഹോസ്റ്റലിന്റെ വാർഡനായി ചുമതല നിർവഹിച്ചു വരുന്നു. ബോയ്സ് ഹോസ്റ്റലിന്റെ ചുമതല ശ്രീ ഗാംഗുലു നിർവഹിക്കുന്നു.

ആരംഭത്തിൽ അഡോറിന്റെ ആസ്ഥാനം അക്കാലത്തെ പ്രസിഡന്റായിരുന്ന കൊട്ടാരക്കരയിലെ ശ്രീ സി. ഫിലിപ്പിന്റെ ഭവനമായിരുന്നു. തുടർന്ന് ഡോ. കോശി ജോർജിന്റെ കൊല്ലത്തെ ഭവനവും, ഇപ്പോൾ കൊല്ലം കരിക്കോട് സ്വദേശിയായ ശ്രീ ആന്റണി ബെന്നിന്റെ കെട്ടിടത്തിലും ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു.

**2025-26 ലെ ഭരണസമിതി (Governing Body)**

21.06.2025ൽ ചേർന്ന പൊതുയോഗം 2025-26 പ്രവർത്തന വർഷത്തേക്കായി താഴെ പറയുന്നവരെ ഭരണസമിതി അംഗങ്ങളായി തിരഞ്ഞെടുത്തു:

| | | |
|---|---|---|
| പ്രൊഫ. എ.വി. ഇട്ടി | - | പ്രസിഡന്റ് |
| ശ്രീ ജേക്കബ് ഈശോ | - | സെക്രട്ടറി |
| ശ്രീ. കോരുത് സാമുവൽ | - | ട്രഷറർ |
| ഡോ. കോശിജോർജ്ജ് | - | അംഗം |
| ശ്രീ. കെ.ജെ. ജോൺ | - | അംഗം |
| ശ്രീ. പി.ഒ. സണ്ണി | - | അംഗം |
| ശ്രീമതി ജൈനമ്മ എബ്രഹാം | - | അംഗം |

അവലോകന വർഷത്തിൽ ഭരണസമിതി നാല് പൊതുയോഗങ്ങളും നാല് സ്പെഷ്യൽ പൊതുയോഗങ്ങളും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേരുകയുണ്ടായി. മൂന്ന് യോഗങ്ങൾ ഒഴികെ ബാക്കിയെല്ലാ ഭരണസമിതി യോഗങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയാണ് നടന്നത്.

കൊല്ലം കരിക്കോട് സ്ഥിതി ചെയ്യുന്ന പ്രൊഫ. ആന്റണി ബെന്നിന്റെ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലാണ് അഡോറിന്റെ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത്. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഈ ഓഫീസ് സൗകര്യം തികച്ചും സൗജന്യമായി വിട്ടുനൽകിയ പ്രൊഫ. ആന്റണി ബെന്നിയോടുള്ള പ്രത്യേക നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

**ഡിജിറ്റൽ സാന്നിധ്യം (Website)**

അഡോറിന്റെ പ്രവർത്തനങ്ങൾ ലോകമെമ്പാടും എത്തിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി വെബ്സൈറ്റുകൾ സജീവമായി നിലനിർത്തുന്നു. നിലവിൽ താഴെ പറയുന്ന വെബ്സൈറ്റുകൾ പ്രവർത്തനസജ്ജമാണ്:

www.adoremission.org, www.adoremission.in

**അഡോർ ഹോസ്റ്റലുകൾ**

നമുക്ക് രണ്ട് ഹോസ്റ്റലുകളാണ് ഉള്ളത്. ഒറീസ്സയിലെ റായ്ഗഡ ജില്ലയിൽ ജിമിദിപെട്ടയിൽ പെൺകുട്ടികൾക്കുള്ള എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ (ഗേൾസ്)ഹോസ്റ്റലും, ഇവിടെ നിന്നും 2 കിലോ മീറ്റർ അകലെ ജിമിദിപെട്ട റെയിൽവേ സ്റ്റേഷനു സമീപം പ്രവർത്തി ക്കുന്ന അഡോർ ബോയ്സ് ഹോസ്റ്റലും.

രണ്ടു ഹോസ്റ്റലുകളുടെയും കുട്ടികൾ എല്ലാവരും ആദിവാസി, ദളിത് സമൂഹങ്ങളിൽപ്പെട്ടവരാണ്. മൂന്നാം ക്ലാസ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളാണ് ഇവിടെ ഉള്ളത്. ശ്രീ. പി.സി. ജോൺ ഹോസ്റ്റലു കളുടെ പ്രധാന ചുമതലക്കാരനായി പ്രവർത്തിച്ചു വരുന്നു.

**ഹോസ്റ്റലുകളുടെ പ്രവർത്തനരീതി**

രണ്ടു ഹോസ്റ്റലുകളുടെയും പ്രവർത്തനം ഒരേ രീതിയിലാണ്. കുട്ടി കൾ രാവിലെ 5 മണിക്ക് ഉണരുന്നു. പ്രാർത്ഥനയ്ക്ക് ശേഷം 6.30 വരെ ദിനചര്യകൾ. 6.30 മുതൽ 8.30 വരെ പഠന സമയം. 8.30 മുതൽ 9.15 വരെ സ്കൂളിലേക്ക് പോകാനുള്ള ഒരുക്കം. 9.15 ന് പ്രഭാതഭക്ഷണം. 9.50ന് കുട്ടി കൾ ഒരുമിച്ച് കൂടി പ്രാർത്ഥിച്ചതിനുശേഷം സ്കൂളിലേക്കു പോകുന്നു.

ഉച്ച ഭക്ഷണത്തിനായി 1.00 മണിക്ക് എല്ലാ കുട്ടികളും പെൺകുട്ടി കളുടെ ഹോസ്റ്റലിൽ വന്ന് ഭക്ഷണം കഴിച്ചിട്ട് സ്കൂളിലേക്ക് മടങ്ങുന്നു. 4 മണിക്ക് യഥാക്രമം ഹോസ്റ്റലിൽ തിരിച്ചെത്തുമ്പോൾ ലഘു ഭക്ഷണം നൽകുന്നു. തുടർന്ന് കളി, കൃഷി കാര്യങ്ങൾ എന്നിവയിൽ ഏർപ്പെടു ന്നു. 6 മണിക്ക് സന്ധ്യാപ്രാർത്ഥന ആരംഭിക്കുന്നു. ഒരാൾ പ്രാർത്ഥിച്ചതി നുശേഷം എല്ലാവരും ചേർന്ന് പാട്ടുകൾ പാടിയതിനുശേഷം 30 മിനിറ്റ് ബൈബിൾ പഠനം. 7 മണി മുതൽ 8.15 വരെ പഠിക്കുവാനുള്ള സമയം. 8.15 മുതൽ 9 മണി വരെ അത്താഴം. 9 മണി മുതൽ 10 വരെ വീണ്ടും പഠ നം. 10 മണിക്ക് പ്രാർത്ഥന കഴിഞ്ഞ് ഉറങ്ങാനുള്ള സമയം. ആവശ്യമുള്ള വർക്ക് പഠനം തുടരുകയും ചെയ്യാം.

**സ്കൂൾ**

ഹോസ്റ്റലിനോട് അടുത്താണ് കലിംഗാ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്. അദ്ധ്യാപകരുമായി ഹോസ്റ്റലിലുള്ളവർ നല്ല സമ്പർക്കത്തിലാണ്. കുട്ടികളുടെ പഠനത്തെക്കുറിച്ചും മറ്റും ഹോസ്റ്റൽ വാർഡന്മാർ സ്കൂളിൽ പോയി അന്വേഷിക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ ഹോസ്റ്റലിലെ കുട്ടികൾ സ്കൂളിൽ മികച്ച നിലവാരം പുലർത്തുന്നു. പഠനത്തിലും കലാകായിക വിജ്ഞാന രംഗങ്ങളിലും മത്സരിച്ചു വിജയിച്ചു സമ്മാനങ്ങൾ കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**സണ്ടേസ്കൂളും ആരാധനയും**

ഞായറാഴ്ചകളിൽ രാവിലെ പ്രാതൽ കഴിച്ചതിനുശേഷം 8.30 മുതൽ 10.00 മണി വരെ സണ്ടേസ്കൂൾ പഠനവും അതിനുശേഷം 1.00 മണി വരെയും ആരാധനയും ഉണ്ട്. എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം മദ്ധ്യസ്ഥ പ്രാർത്ഥന. 5, 6 പേർ വീതമുള്ള പലഗ്രൂപ്പുകളായി നടത്തുന്നു. ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിൽ Youth Movement, Cultural Programme എന്നിവ നടത്തിവരുന്നു.

**ടി.വി. പ്രോഗ്രാം**

ദിവസവും രാവിലെ ഒറിയ ന്യൂസ് കുട്ടികളെ കാണിക്കുന്നു. കൂടാതെ എല്ലാ ശനിയാഴ്ചകളിലും റ്റി.വി യിലൂടെ സിനിമ കാണാനുള്ള അവസരവും നൽകുന്നു.

**ഹോസ്റ്റലിലെ ആഹാരക്രമം**

ഞായറാഴ്ച രാവിലെ ചപ്പാത്തിയും കടലക്കറിയും. ഉച്ചയ്ക്ക് ചോറ്, സബ്ജി, ഡാൽ. 4.00 മണിക്ക് ലഘുഭക്ഷണം. രാത്രി ചോറ്, മുട്ടക്കറി, സബ്ജി. മറ്റു ദിവസങ്ങളിൽ പ്രാതൽ ഉപ്പുമാവ്, ചൂഡ (ഒറിയൻ ഭക്ഷണം) എന്നിവ മാറി മാറി കൊടുക്കുന്നു. മാസത്തിൽ 2 ദിവസം ചിക്കനും 2 ദിവസം മത്സ്യവും കൊടുക്കുന്നു. വിശേഷദിവസങ്ങളിൽ കൂടുതൽ വിഭവങ്ങളോടുകൂടി സ്പെഷ്യൽ ഫുഡ് നൽകുന്നുണ്ട്.

**10-ാം ക്ലാസ്സ്**

ഈ വർഷം 10-ാം ക്ലാസ്സിലെ 6 പെൺകുട്ടികൾ പഠനം പൂർത്തിയാക്കി. അവർ എല്ലാവരും നല്ല മാർക്കോടുകൂടി വിജയിക്കുമെന്ന് വിശ്വസിക്കുന്നു.

**ഗ്രാമ സന്ദർശനങ്ങൾ**

നമ്മുടെ സ്റ്റാഫ് അംഗങ്ങൾ ഹോസ്റ്റലിലെ കുട്ടികളുടെ ഗ്രാമങ്ങൾ സന്ദർശിച്ച് സ്നേഹാന്വേഷണങ്ങൾ നടത്താറുണ്ട്. ഈ വർഷം ഡംകു, തബനിഗഡ, ബോഡസിഗുരു, ഇരുക്കുംപടി, മിർച്ചിപാട്, മിരാവല്ലി, ബെറ്റാലുഗുഡി, തമ്പലമ്പായി, ഒത്താട, അനന്തപുർ എന്നീ ഗ്രാമങ്ങൾ സന്ദർശിച്ച് കുട്ടികളുടെ മാതാപിതാക്കളുമായി കുശലാന്വേഷണം നടത്തി.

**എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഹോസ്റ്റൽ**

ജിമിഡിപെട്ടയിലെ എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഗേൾസ് ഹോസ്റ്റലിൽ ആദിവാസി ദളിത് സമൂഹങ്ങളിൽപ്പെട്ട 43 പെൺകുട്ടികൾ താമസിക്കുന്നു. 3-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളാണ് ഉള്ളത്. അടുത്തുള്ള ജിമിദിപെട്ട കലിംഗാ ഹൈസ്കൂളിലാണ് ഇവർ പഠിക്കുന്നത്. ഈ ഹോസ്റ്റലിന്റെ വാർഡനായി ശ്രീമതി ജോളി ജോൺ പ്രവർത്തിക്കുന്നു. ഇവർ ശ്രീ. പി.സി. ജോണിന്റെ സഹധർമ്മിണിയാണ്.

**അഡോർ ബോയ്സ് ഹോസ്റ്റൽ**

ജിമിദിപ്പെട്ടയിൽ നിന്നും 2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന ഗ്രാമത്തിലാണ് ഈ ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. അഡോർ ഹോസ്റ്റലിലെ പൂർവ്വ വിദ്യാർത്ഥി ശ്രീ. ടി.ഗാംഗുലു ഹോസ്റ്റൽ വാർഡനായി ഇവിടെ താമസിച്ച് സേവനം ചെയ്യുന്നു. റായ്ഗഡ ജില്ലയിലെ ഉൾഗ്രാമങ്ങളിൽ നിന്നുള്ള ആദിവാസി ദളിത് വിഭാഗങ്ങളിൽപ്പെട്ട 13 ആൺകുട്ടികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നു. 3 മുതൽ 8-ാം ക്ലാസ് വരെ പഠിക്കുന്നവരാണ് ഇവർ. ശ്രീ ഗണേഷ് പൂവാല, ഈ കുട്ടികളുടെ പഠന

ത്തിന് സഹായിക്കാനായി ഈ അദ്ധ്യയന വർഷം മുതൽ പ്രത്യേക ട്യൂഷൻ നൽകുന്നുണ്ട്.

**കൃഷികാര്യങ്ങൾ**

ഗേൾസ് ഹോസ്റ്റലിന് ഏകദേശം 2 ഏക്കറോളവും ബോയ്സ് ഹോസ്റ്റലിന് 60 സെന്റ് സ്ഥലവുമുണ്ട്. അതിൽ മാവ്, നാരകം, പ്ലാവ്, കശുമാവ്, സപ്പോട്ടാ, പേര, വാഴ തുടങ്ങിയവ നട്ട് പിടിപ്പിച്ചിട്ടുണ്ട്. അവയിൽ നിന്ന് കായ്ഫലങ്ങൾ ലഭിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ പച്ചക്കറികളും കൃഷി ചെയ്യുന്നു. കുട്ടികൾ കൃഷി കാര്യങ്ങളിൽ തൽപരരാണ്. വൈകുന്നേരം 4.30 ന് കുട്ടികൾ ചെറിയ തോതിൽ കൃഷി ചെയ്യുന്നു. ഈ വർഷം കശുമാവിൽ നിന്നും 230 കിലോ കശുവണ്ടി ലഭിച്ചു. അതുപോലെ മാങ്ങയും ലഭിക്കുകയും ഉണ്ടായി. നമ്മുടെ ഹോസ്റ്റലിൽ ഇപ്പോൾ ഒരു പശു മാത്രമേ ഉള്ളൂ. ഇതിന്റെ പ്രസവം അടുത്തു വരുന്നു.

**ക്രിസ്തുമസ് കരോൾ സർവ്വീസ്**

21.12.2025 ൽ ഗേൾസ് ഹോസ്റ്റലിൽ വച്ച് രണ്ട് ഹോസ്റ്റലുകളുടെയും സംയുക്ത കരോൾ സർവ്വീസ് നടത്തപ്പെട്ടു. അഡ്വ. സാമുവേൽ താണ്ടിയും കുടുംബവും, ശ്രീ ഡാനിയേൽ താണ്ടിയും കുടുംബവും ആദിയായവർ പ്രത്യേക അതിഥികളായി പങ്കെടുത്തു.

കരോളിനോട് ചേർന്നു കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. സണ്ടേസ്കൂൾ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്ക് സമ്മാനങ്ങൾ നൽകപ്പെട്ടു. 8.30 ന് പ്രോഗ്രാം പ്രാർത്ഥിച്ച് അവസാനിപ്പിച്ചു. തുടർന്ന് എല്ലാവർക്കും സ്നേഹവിരുന്നും നൽകപ്പെട്ടു.

**സ്കോളർഷിപ്പ്**

ഈ വർഷം ക്ലാസ് VI-ലെ സ്കോളർഷിപ്പ് നമ്മുടെ ഹോസ്റ്റലിലെ വിദ്യാർത്ഥിനിയായ Ms. Sucharita Limaയ്ക്കാണ് ലഭിച്ചത്.

**INTER SCHOOL COMPETITION**

LIST OF ADORE HOSTELS STUDENTS WHO WON PRIZES IN SURABHI PROGRAMME

[Cluster (Block) Level Competition-2024]

[Winners from Adore Hostel)

| | | | |
|---|---|---|---|
| Seniors | 1. | Song: Suneli Paspureddy | 1st |
| | 2. | Song: Galaxy Takri | 2nd |
| | 3. | Creative Writing: Geetanjali Toika | 2nd |
| | 4. | Creative Writing: Suneli Kilaka | 3rd |
| | 5. | Debate: Angel Kusulia | 1st |
| | 6. | Elocution: Krishna Priya Goradiya | 2nd |
| | 7. | Quiz: Krishna Priya Goradiya | 2nd |
| | 8. | Essay Writing: Angel Kusulia | 2nd |
| | 9. | Quiz: Bhabani Majhi | 3rd |
| | 10. | Group Dance: | 2nd |
| Juniors | | Elocution: Pallavi Palakia | 1st |
| | | Handwriting: Sucharita Lima | 1st |
| | | Creative Writing: Sucharita Lima | 1st |
| | | Math Quiz: Ananta Mandangi | 2nd |
| | | Math + Running: Ananta Mandangi | 1st |

**Block Level**

**Junior**

| | | |
|---|---|---|
| | Elocution: Pallavi Palakia | 2nd |
| | Creative Writing: Sucharita Lima | 1st |

**District Level**

**Junior**

Creative Writing: Sucharita Lima 2nd

**ഹോസ്റ്റൽ സന്ദർശിച്ചവർ**

1. 16-11-25: Rev. Paul Thomas, Pr. Oomachen, Pr. C.M. Joy, Pr.Mathew Kollam – Pr. Jokeya, Pr. Isaia Majhi, Odisha.
2. 21/11/25: Adv. P.P. Varghese & Mrs. Mary Varghese, Kerala.
3. 12/12/25: Rev. Fr. Bino, Bro. Toby, Shalam Nilaya, Odisha.
4. 17/1/26: Mr. Anish Kottarakara & Mr. Dhanush, Rayagada.

**ആബ്ഗുഡാഗ്രാമം**

ജിമിദിപെട്ടയിൽ നിന്ന് ഏകദേശം 7 കി.മി. ദൂരെ ആന്ധ്രാ ബോർഡറിൽ സ്ഥിതി ചെയ്യുന്ന വനമേഖലയിൽപെടുന്ന ഒരു കൊച്ചു ഗ്രാമമാണ് ആബ്ഗുഡാ അഥവാ മാമിഡിഗുഡ (Mamidiguda). കൊണ്ട വർഗ്ഗത്തിൽപ്പെട്ട ആദിവാസികളാണ് ഇവിടെയുള്ളത്. 5 കി.മീ വാഹനത്തിൽ പോയിട്ട് 2 കി.മീ. നടപ്പാതയിലൂടെ യാത്ര ചെയ്തിട്ടാണ് ഇവിടെ എത്തുന്നത്. 18 വീടുകളിലായി 77 പേർ താമസിക്കുന്നു. ശരിയായ റോഡില്ല. വൈദ്യുതി കണക്ഷൻ നിലവിലുണ്ട്. പക്ഷേ ആഴ്ചയിൽ ഒരിക്കൽ വൈദ്യുതി ലഭിച്ചാലായി. എല്ലാ വീടുകൾക്കും കക്കൂസുകൾ ഉണ്ടെങ്കിലും കൃഷി സംബന്ധമായ സാധനങ്ങളുടേയും മറ്റും സംഭരണത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. 5000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണി സൗരോർജ്ജത്തിൽ 2021 മാർച്ച് മാസത്തിൽ ആരംഭിച്ചു.

ഈ ഗ്രാമത്തിൽ 30 പേർക്കേ സാരക്ഷരത ഉള്ളൂ. കൊച്ചു കുട്ടികളുടെ ശിക്ഷണത്തിന്റെ ഭാഗമായി ഇവിടെ കുട്ടികൾക്ക് ക്ലാസ് നൽകി വരുന്നു. പഠനോപകരണങ്ങൾ അഡോറിൽ നിന്ന് കൊടുക്കുന്നു. ഇപ്പോൾ ശ്രീമതി സുമതി തഡിംഗി എന്ന പെൺകുട്ടി ഈ ഗ്രാമത്തിലെ ശിക്ഷണവും സാക്ഷരത പ്രവർത്തനവും നടത്തിവരുന്നു. ആഴ്ചയിൽ ഒരിക്കൽ നമ്മുടെ

ഒരു ടീം ഇവിടെ സന്ദർശിച്ച് ഗ്രാമ വിപുലീകരണപ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ ഗ്രാമത്തിൽ അംഗൻവാടി ആരംഭിക്കാൻ ഉള്ള നടപടിക്ക് അഡോർ പ്രവർത്തകർ നേതൃത്വം നൽകുന്നു. വാഹനയോഗ്യമായ ഒരു റോഡ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൽ അഡോറിന്റെ പ്രവർത്തന ഫലമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ടെലിസു ഗ്രാമം**

ജിമിദിപെട്ടയിൽ നിന്ന് 4 കി.മീ അകലെ നാലുചുറ്റും വനത്താൽ ചുറ്റപ്പെട്ട ഒരു ഗ്രാമമാണ് ടെലിസു. ഇവിടെ ഒരു അംഗൻവാടിയും, 1 മുതൽ 5 വരെ ക്ലാസ്സുകൾ നടക്കുന്ന ഒരു സ്കൂളുമുണ്ട്. സ്കൂളിൽ 2 അദ്ധ്യാപകർ ഉണ്ടെങ്കിലും ഈ സ്കൂൾ നാമമാത്രമായി പ്രവർത്തിക്കുന്നു. 20 വീട്ടുകാരുള്ള ഈ ഗ്രാമം വെള്ളത്തിന് ആശ്രയിക്കുന്നത് 3 കുഴൽ കിണറുകളെ ആണ്. വൈദ്യുതി ഈ ഗ്രാമത്തിൽ എത്തിയിട്ടുണ്ടെങ്കിലും വനമേഖലയായതിനാൽ പലപ്പോഴും ലഭിക്കാറില്ല. കൊണ്ട ആദിവാസി വർഗ്ഗത്തിൽപ്പെട്ട 85 പേർ താമസിക്കുന്നു. ഇതിൽ 45 പേർ നിരക്ഷരർ ആണ്. 20 കുട്ടികൾക്ക് അഡോറിന്റെ പ്രവർത്തനത്തിൽ കൂടി പ്രത്യേക പഠനം നടത്തുന്നു. ഇവരുടെ പഠനത്തിനാവശ്യമായ നോട്ടു ബുക്കുകൾ, സ്ലെയിറ്റുകൾ, പെൻസിലുകൾ, ബ്ലാക്ക് ബോർഡ് മുതലായവ അഡോർ നൽകി സഹായിക്കുന്നു. കുട്ടികളുടെ പഠനത്തിന് നേതൃത്വം നൽകുന്നത് ശ്രീ. ബുർഷാ പുവാല (Bursha Puala) ആണ്. ഈ ഗ്രാമത്തിലെ മുതിർന്ന 10 പേർ നമ്മുടെ ക്ലാസ് മൂലം സാക്ഷരരായിട്ടുണ്ട്. നമ്മുടെ ടീം ഇവിടെയും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

**ഉസിരികാപാട് (Usurikapadu)**

ജിമിദിപെട്ടയിൽ നിന്ന് 5 കി.മീ. ദൂരം കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്നു. വോയിര - ഹോലുവാ എന്ന പഞ്ചായത്തിലെ 7-ാം വാർഡാണ്. മനോഹരമായ മലയോരഗ്രാമമാണ്. ഇവിടെ 40ലിൽപരം വീടുകൾ ഉണ്ട്.

കൊണ്ടവർഗ്ഗത്തിൽപ്പെട്ട ആദിവാസികളാണ്. ഒരു കുടുംബം മാത്രം ക്രിസ്ത്യാനിയാണ്. എല്ലാവരും കൃഷിയും മൃഗങ്ങളെ വളർത്തലുമാണ് തൊഴിൽ. ഇവരുടെ മാതൃഭാഷ കുയി ആണ്. എങ്കിലും ഒഡിയായും, തെലുങ്കും സംസാരിക്കും.

ഇവിടെ ഒരു അംഗൻവാടിയും 1 മുതൽ 5 വരെ ക്ലാസ്സുകൾ നടക്കുന്ന ഒരു സ്കൂളുമുണ്ട്. സ്കൂളിൽ 2 അദ്ധ്യാപകർ ഉണ്ടെങ്കിലും ഈ സ്കൂൾ നാമമാത്രമായി പ്രവർത്തിക്കുന്നു. കൊച്ചു കുട്ടികളുടെ ശിക്ഷണത്തിന്റെ ഭാഗമായി ഇവിടെ കുട്ടികൾക്ക് ക്ലാസ്സ് നൽകി വരുന്നു. ഇവിടെ 18 കുട്ടികളുടെ പഠനത്തിന് നേതൃത്വം നൽകുന്നത് ശ്രീ. അശോക് തഡംഗി (Ashok Tadingi) ആണ്. മിനിയാഡംക ഗ്രാമം നമ്മളോട് സഹകരണം കുറവായതിനാലാണ് ഉസിരികാപാട് എന്ന ഗ്രാമം പകരമായി എടുക്കേണ്ടി വന്നത്.

**മറ്റ് ചുമതലക്കാർ**

എസ്.കെ. എബ്രഹാം മെമ്മോറിയൽ ഹോസ്റ്റലിനു സമീപമുള്ള കലിംഗാ ഹൈസ്ക്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ജുന്നുബാല മന്തിരി (Jhunnubala Mantry) നമ്മുടെ ഹോസ്റ്റലിലെ കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായിക്കുന്നുണ്ട്. ശ്രീമതി ലളിതയും, ശ്രീമതി ശാന്തിയും എന്നിവർ ആണ് അഡോർ ഹോസ്റ്റലിലെ പാചകത്തിൽ സഹായിക്കുന്നത്.

**സാമ്പത്തിക റിപ്പോർട്ട്**

ഈ സാമ്പത്തിക വർഷത്തിലെ വരവ്-ചിലവുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| മുൻ നീക്കിബാക്കി | - | Rs. 5,31,349.02 |
| വരവ് | - | Rs. 21,69,519.00 |
| ആകെ വരവ് | - | Rs. 27,00,868.02 |
| ആകെ ചെലവ് | - | Rs. 21,82,124.00 |
| ആകെ നീക്കി ബാക്കി | - | Rs. 5,18,744.02 |

തന്നാണ്ടിൽ സ്പോൺസർഷിപ്പിലൂടെയും, സംഭാവനകളിലൂടെയും

69,18,150/- രൂപയും, എൻഡോവ്മെന്റായി 3,00,000 രൂപയും, കൃഷിയിൽ നിന്നുള്ള വരുമാനമായി 27,800/- രൂപയും ഫിക്സഡ് ഡെപ്പോസിറ്റുക ളുടെ പലിശയിനത്തിൽ 2,82,124/- രൂപയും ഫിക്സഡ് ഡിപ്പോസിറ്റുക ളുടെ പലിശയിനത്തിൽ 2,15,187 രൂപയും ലഭിച്ചു.

**പ്രവർത്തന അവലോകനം**

എല്ലാ ബുധനാഴ്കളിലും രാത്രി 9 മണിക്ക് അഡോറിന്റെ പ്രവർത്ത നങ്ങൾ ഓൺലൈനിലൂടെ അവലോകനം നടത്തി വരുന്നു. ജിമിദിപേട്ട യുള്ള അഡോറിന്റെ പ്രവർത്തകരും ഓഫീസ് ഭാരവാഹികളും സജീവ മായി ഈ അവലോകന യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

അഡോറിന് ആദായ നികുതി സെക്ഷൻ 80G ലഭിച്ചതിനാൽ, അതിന് നൽകുന്ന സംഭാവനകൾക്ക് ആദായ നികുതി സെക്ഷൻ 80G പ്രകാര മുള്ള എല്ലാ ഇളവുകളും ലഭിക്കുന്നതാണ്. അഡോർ എന്ന സംഘടനയ്ക്ക് ആദായ നികുതി സെക്ഷൻ 12A പ്രകാരം ഇളവ് യോഗ്യത വർഷങ്ങൾക്കു മുമ്പ് മുതൽ തന്നെ ലഭിച്ചുകൊണ്ടിരിക്കുന്നതാണ്.

വിദേശത്തുനിന്നുള്ള സംഭാവനകൾ സ്വീകരിക്കാൻ അഡോറിന് FCRA അക്കൗണ്ട് നിലവിൽ ഉണ്ട്. സ്വദേശത്തും വിദേശത്തും ഉള്ള അന വധി സ്നേഹിതർ പ്രാർത്ഥനയിൽ കൂടിയും സാമ്പത്തിക സഹകരണ ത്തിൽ കൂടിയും അഡോറിന്റെ സുവിശേഷപ്രവർത്തനങ്ങളെ സഹായി ക്കുന്നുണ്ട്. എല്ലാവരോടുമുള്ള അകമഴിഞ്ഞ സ്നേഹവും നന്ദിയും അറി യിക്കുന്നു. സമൂഹം അവഗണിക്കുകയും തിരസ്കരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ഒരു പറ്റം ആദിവാസി ദളിത് സമൂഹങ്ങളിലെ കുഞ്ഞു ങ്ങളെ അക്ഷരത്തിന്റെ ലോകത്തിലേക്ക് നടത്തി കൊണ്ടുവരുവാനും അവരെ ആത്മീകമായി പരിപോഷിപ്പിക്കുവാനും അച്ചടക്കവും പൗരബോ ധവുമുള്ള വ്യക്തികളാക്കി മാറ്റി എടുക്കുവാനും ദൈവം സഹായിച്ചു കൊണ്ടിരിക്കുന്നു. നമ്മുടെ ഹോസ്റ്റലിൽ നിന്ന് പഠനം കഴിഞ്ഞ് പുറത്തു വരുന്ന കുട്ടികൾ അവരുടെ ഗ്രാമങ്ങളിൽ നല്ല സ്വാധീനം ചെലുത്തുന്നു എന്നത് ഏറെ സന്തോഷകരമാണ്. കൂടാതെ അഡോർ, റായ്ഗഡ ജില്ല

യിലെ ഉൾഗ്രാമങ്ങൾക്ക് വികസനത്തിനുള്ള പിന്തുണ നൽകുന്നതിൽ അഭിമാനം കൊള്ളുന്നു. ഈ പ്രവർത്തനങ്ങളിൽ അഡോറിനോടൊപ്പം പങ്കാളികളായി തീർന്ന എല്ലാ സഹകാരികളോടും ഒരിക്കൽകൂടി നന്ദി അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു. സർവശക്തനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്ന്,

അഡോറിന് വേണ്ടി

**ജേക്കബ് ഈശോ**

**സെക്രട്ടറി, അഡോർ**

**കൊല്ലം**

**10.04.2026**

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## BALANCE SHEET AS AT 31-03-2026

| Liabilities | | Amount | Assests | | Amount |
|---|---|---|---|---|---|
| **Capital Fund** | | | Fixed Assets | | 20,98,315.76 |
| As per last B/s. | 33,90,685.36 | | **Fund Investments** | | |
| Less: Excess of Expenditure over Income | 7,78,319.58 | 26,12,365.78 | Fixed Deposit with banks | | 27,92,759.00 |
| | | | **Current Assets** | | |
| | | | TDS | | 1,140.00 |
| | | | Accrued Interest | | 27,352.00 |
| Specific Fund | | 22,96,924.00 | Advances | | 4,52,500.00 |
| Endowment Fund | | 9,75,000.00 | **Cash at Bank** | | |
| Current Liabilities | | 6,521.00 | State Bank of India- A/c 0126 | 3,57,337.36 | |
| | | | State Bank of India- A/c 7663 | 26,164.25 | |
| | | | State Bank of India- A/c 5761 | 62,757.67 | |
| | | | State Bank of India- A/c 6931 | 23,212.54 | |
| | | | Quilon Co-op. Urban Bank Ltd- A/c 6070 | 18,267.20 | |
| | | | Pattathanam Service Co-op Bank Ltd- A/c 8106 | 25,414.00 | 5,13,153.02 |
| | | | Cash in hand | | 5,591.00 |
| | | **58,90,810.78** | | | **58,90,810.78** |

Kollam

10/04/26

*Annexure to our report of even date*

*For JRS & CO*

*Jamu Jahamgheer FCA*
*Partner*
*Membership No:221098*
*Firm No: 008085S*

JRS & Co. CHARTERED ACCOUNTANTS KOLLAM

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31-03-2026

| Expenditure | Amount (Rs.) | Incomes | Amount |
|---|---|---|---|
| To Salaries & Allowances | 3,49,670.00 | By Donation Received | 6,55,700.00 |
| To Food & Groceries | 5,91,580.00 | By Hostel Fee | 66,000.00 |
| To Insurance Charges | 25,613.00 | By Agricultural Income | 27,800.00 |
| To Medical Expenses | 6,631.00 | By SB Interest | 17,980.00 |
| To Agricultural Expenses | 13,610.00 | By FD Interest | 2,15,187.00 |
| To Fuel Charges | 47,022.00 | By FCRA Donation | 42,450.00 |
| To Electricity Charges | 28,139.00 | By Membership Fees | 8,000.00 |
| To Telephone Charges | 6,010.00 | By Miscelleneous Income | 402.00 |
| To Repairs & Maintenance | 55,917.00 | | |
| To Travelling Expenses | 4,250.00 | By Excess of Expenditure over Income | 7,78,319.58 |
| To Literacy Programme | 39,300.00 | | |
| To Xmas Expenses | 19,750.00 | | |
| To Printing & Stationary | 81,420.00 | | |
| To Audit Fees | 44,250.00 | | |
| To Taxes & Legal Charges | 12,232.00 | | |
| To Support to Ex-Employees Family | 3,00,000.00 | | |
| To Housekeeping Expenses | 1,030.00 | | |
| To Subscribtion and Periodicals | 12,500.00 | | |
| To Postage | 10,942.00 | | |
| To Bank Charges | 3,592.00 | | |
| To Firewood & Gas Expenses | 28,666.00 | | |
| To Depreciation | 1,29,714.58 | | |
| | **18,11,838.58** | | **18,11,838.58** |

Kollam

10/04/26

*Annexure to our report of even date*

*For JRS & CO*

*Jamu Jahamgheer FCA*
*Partner*
*Membership No:221098*
*Firm No: 008085S*

JRS & Co. CHARTERED ACCOUNTANTS KOLLAM

# AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## RECEIPTS & PAYMENTS ACCOUNT FOR THE YEAR ENDED 31-03-2026

| Receipts | | Amount (Rs.) | Payments | | Amount (Rs) |
|---|---|---|---|---|---|
| To Opening Balances | | | By Salaries And Allowances | | 3,49,670.00 |
| Cash in Hand | 9,288.00 | | By Food And Groceries | | 5,91,380.00 |
| Cash at Bank | | | By Insurance Charges | | 25,613.00 |
| Savings A/c : | | | By Medical Expenses | | 6,631.00 |
| State Bank of India- A/c 0126 | 3,99,295.36 | | By Agricultural Expenses | | 13,610.00 |
| State Bank of India-7663 | 35,212.25 | | By Fuel Charges | | 47,022.00 |
| State Bank of India- A/c 5761 | 61,723.17 | | By Electricity Charges | | 28,139.00 |
| State Bank of India- A/c 6931 | 20,484.04 | | By Telephone Charges | | 6,010.00 |
| Quilon Co Op. Urban Bank Ltd. A/c 6070 | 10,790.20 | | By Repairs And Maintanence | | 55,917.00 |
| Pattathanam Service Co-op Bank-8106 | 24,556.00 | 5,61,349.02 | By Travelling Expenses | | 4,250.00 |
| To Agricultural Income | | 27,800.00 | By Literacy Programmes | | 39,300.00 |
| To Hostel Fee | | 66,000.00 | By Xmas Expenses | | 19,750.00 |
| To Donation Received | | 6,55,700.00 | By Printing and Stationery | | 81,420.00 |
| To Endovement Sponsorship | | 3,00,000.00 | By Audit Fees | | 44,250.00 |
| To Savings Bank Interest | | 17,980.00 | By Taxes & Legal Charges | | 12,232.00 |
| To Fixed Deposit Interest | | 2,15,187.00 | By Support to Ex-Employee's Family | | 3,00,000.00 |
| To FCRA Donation | | 42,450.00 | By House Keeping Expenses | | 1,030.00 |
| To Membersgip Fees | | 8,000.00 | By Subscribtion and Periodicals | | 12,500.00 |
| To Miscelleneous Income | | 402.00 | By Postage | | 10,942.00 |
| To Advances Recovered | | 56,000.00 | By Bank Charges | | 3,592.00 |
| To Fixed Deposits | | 7,50,000.00 | By Fire Wood & Gas Expenses | | 28,666.00 |
| | | | By Advance Given | | 5,00,000.00 |

| | | | | | |
|---|---|---|---|---|---|
| | | | By Closing Balance | | |
| | | | Cash in Hand | 5,591.00 | |
| | | | Cash at Bank | | |
| | | | Savings A/c: | | |
| | | | SBI - A/c 0126 | 3,57,337.36 | |
| | | | SBI - A/c 7663 | 26,164.25 | |
| | | | SBI - A/c 5761 | 62,757.67 | |
| | | | SBI - A/c 6931 | 23,212.54 | |
| | | | Quilon Co-op. Urban Bank Ltd A/c 6070 | 18,267.20 | |
| | | | Pattathanam Service Co-op Bank Ltd A/c 8106 | 25,414.00 | 5,18,744.02 |
| **TOTAL** | | **27,00,868.02** | **TOTAL** | | **27,00,868.02** |

Annexure to our report of even date

For JRS & CO

Jamu Jahamgheer FCA
Partner
Membership No:221098
Firm No: 008085S

JRS & Co. KOLLAM CHARTERED ACCOUNTANTS

# AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## SCHEDULE OF FIXED ASSETS AS ON 31/03/2026

| Particulars | W D V as on 1/04/2025 | Rate | Additions | | Deletions | Total | Depreciation | W D V as on 31/03/2026 |
|---|---|---|---|---|---|---|---|---|
| | | | Before 30.09.2025 | After 30.09.2025 | | | | |
| Land | 6,96,926.00 | 0% | | | | 6,96,926.00 | | 6,96,926.00 |
| Tube Well | 300.42 | 10% | | | | 300.42 | 30.04 | 270.38 |
| Steel Racks | 10.84 | 10% | | | | 10.84 | 1.08 | 9.76 |
| Fan | 9,530.00 | 10% | | | | 9,530.00 | 953.00 | 8,577.00 |
| Furniture & Fittings | 33,463.47 | 10% | | | | 33,463.47 | 3,346.35 | 30,117.12 |
| Musical Instruments | 85.93 | 10% | | | | 85.93 | 8.59 | 77.34 |
| Hostel Building | 6,32,735.24 | 5% | | | | 6,32,735.24 | 31,636.76 | 6,01,098.48 |
| Cycles | 50.12 | 15% | | | | 50.12 | 7.52 | 42.60 |
| Library Books | 30.66 | 15% | | | | 30.66 | 4.60 | 26.06 |
| Invertor | 17,850.00 | 15% | | | | 17,850.00 | 2,677.50 | 15,172.50 |
| Mini Van | | | | | | | | |
| Mahindra-X | 1,68,291.73 | 15% | | | | 1,68,291.73 | 25,243.76 | 1,43,047.97 |
| Livestock | 12,946.00 | 0% | | | | 12,946.00 | | 12,946.00 |
| Printer | 1,331.11 | 15% | | | | 1,331.11 | 199.67 | 1,131.44 |
| Solar Lantern | 3,156.61 | 15% | | | | 3,156.61 | 473.49 | 2,683.12 |
| Watchman Quarters | 2,21,215.41 | 10% | | | | 2,21,215.41 | 22,121.54 | 1,99,093.87 |
| Compound Wall | 3,81,713.80 | 10% | | | | 3,81,713.80 | 38,171.38 | 3,43,542.42 |
| Gate | 48,393.00 | 10% | | | | 48,393.00 | 4,839.30 | 43,553.70 |
| **Total** | **22,28,030.34** | | | | | **22,28,030.34** | **1,29,714.58** | **20,98,315.76** |

J R S & Co.
CHARTERED ACCOUNTANTS

2nd Floor, Vaidya Towers
Residency Road, Chinnakada
Kollam - 691 001
Phone : 0474 - 2744530
E-mail : jayakumar@jrsca.com
jkassoc@bsnl.in
jkjrsca@gmail.com

## AUDITOR'S REPORT

We have audited the attached Balance sheet of "Agency for Development of Oppressed through Relief and Education" (ADORE), Vilayil, TKMC P.O., Kollam-691005; as on 31-03-2026 and the Income and Expenditure Account and Receipts and Payment Account for the year ended on that date and report that :-

In our opinion, proper books of accounts have been kept by them, so far as it appears from our examination of such books, and that the Income and Expenditure Account and Balance Sheet Referred to above are in agreement with the books of account presented before us.

**For JRS & Co.**
**CHARTERED ACCOUNTANTS**

Date : 10/04/2026
Place : Kollam

JRS & Co. KOLLAM CHARTERED ACCOUNTANTS

**Jamu Jahamgheer FCA**
**Partner**
**M. No. 221098 FR No. 008085S**

Head Office : 2nd Floor, The Monarch, P.T. Usha Road, Kochi-682011.
Phone : 0484-2373227, 2371202 Fax : 0484-4040754. E-mail : jrskochi@jrsca.com
Branches : (1) TC 23/133, First Floor, Narmada Shopping Complex (Rear Block), Kawdiar, Thiruvananthapuram-695003.Phone : 0471-2431300 E-mail : jrstvm@gmail.com
(2)1A Caldra Block 202, 2nd Floor, Divyasree Elan Homes, Sarjapur Road, Kaikondrahalli, Bangalore, Bengaluru-560035
(3) 38/583-3, TS2 Ventures, Shornur Road, Mercy College Junction, Palakkad-678006

## Sponsorship

| S.No. | Name | Amount |
|---|---|---|
| 1 | V.J. Cherian, Chennai | 8000 |
| 2 | Koruthu Samuel, Kollam | 25000 |
| 3 | Thomas Azhakath, Thiruvalla | 15000 |
| 4 | K.M. Varghese, Pathanamthitta | 10000 |
| 5 | Litty Anna Itty, Bangalore | 10000 |
| 6 | I.K. Iype, Kollm | 10000 |
| 7 | Shinod Varghese, Thiruvalla | 10000 |
| 8 | John Rajan. C, Chennai | 10000 |
| 9 | Emil Kuriakose, Bangalore | 15000 |
| 10 | Shibu Koshy, Haripad | 10000 |
| 11 | George Abraham, Chengannur | 10000 |
| 12 | K.M. Yohannan, USA | 20000 |
| 13 | Thomas Varghese, TX, USA | 15000 |
| 14 | Prof. Y. Oommen, Mavelikara | 15000 |
| 15 | Annamma Joy, Kutch, Gujarat | 25000 |
| 16 | Jinu Mary John, Ernakulam | 10000 |
| 17 | Pappy Mathew & Rosamma Pappy USA | 20000 |
| 18 | Dr. Tony Mathew & Jacqualine USA | 20000 |
| 19 | Dr. Joby Mathew & Sonali USA | 20000 |
| 20 | M.C. Varghese, USA | 20000 |
| 21 | Meeva Thomas, Sharjah | 12000 |
| 22 | Abraham Koshy, Pathanamthitta | 15000 |
| 23 | Litty Koshy, Maramon | 15000 |
| 24 | Mathew John, Baharin | 15000 |
| | **TOTAL** | **355000** |

## Donation

| S.No. | Name | Amount |
|---|---|---|
| 1 | P.K. Koshy, Ernakulam | 1200 |
| 2 | Suramma Pillai, New Delhi | 500 |
| 3 | Mathew Varghese, New Delhi | 1300 |
| 4 | Jacob Thomas, New Delhi | 1500 |

| S.No. | Name | Amount |
|---|---|---|
| 5 | Thangam George, New delhi | 1000 |
| 6 | Shaji K.A, New Delhi | 500 |
| 7 | Aleena Raji, New Delhi | 2000 |
| 8 | Anu T John, New Delhi | 1000 |
| 9 | Aby P Alex, New Delhi | 2000 |
| 10 | Ebanazer MTC, New Delhi | 10000 |
| 11 | Emil George, New Delhi | 1500 |
| 12 | Aleyamma Issac, New Delhi | 500 |
| 13 | Mathews Jacob, New Delhi | 1000 |
| 14 | Binu Alex, New Delhi | 5000 |
| 15 | Jiji Abraham, New Delhi | 1000 |
| 16 | Mathew Tharian, New Delhi | 700 |
| 17 | Rev. Sanal P George, New Delhi | 2000 |
| 18 | Stanley K Philip, New Delhi | 2000 |
| 19 | Jenny Rachel Renny, New Delhi | 5000 |
| 20 | Bose K, New Delhi | 500 |
| 21 | Rev. Blysu Varghese, Kottayam | 1000 |
| 22 | Shabu Thomas, New Delhi | 1000 |
| 23 | Abraham Mathew, New Delhi | 3000 |
| 24 | Jose Thomas, New Delhi | 3000 |
| 25 | James Kutty, New Delhi | 1000 |
| 26 | Reji P Chacko, New Delhi | 1000 |
| 27 | Jacob Thomas, New Delhi | 500 |
| 28 | Mammen Geevarghese, New Delhi | 1000 |
| 29 | Wilson Cherian, New Delhi | 1000 |
| 30 | Mathew John, Chengannur | 1000 |
| 31 | Abraham John, New Delhi | 2000 |
| 32 | Saint Stephen MTC, New Delhi | 3000 |
| 33 | Saint Stephen, Edavaka Mission MTC New Delhi | 5000 |
| 34 | Saint Stephen Sevika Sangham MTC, New Delhi | 2000 |
| 35 | Karuna Charitable Society, New Delhi | 3000 |
| 36 | Sujith T John, New Delhi | 2000 |
| 37 | Samkutty Cherian, New Delhi | 500 |

| S.No. | Name | Amount |
|---|---|---|
| 38 | Renjit Varghese, Kollam | 15000 |
| 39 | Joseph Mathew, Mavelikara | 5000 |
| 40 | Mathew P | 1000 |
| 41 | Rev. Fr. Bino, | 1500 |
| 42 | Rachel Koshy, Mavelikara | 2000 |
| 43 | T.K. Vijayamma, Thiruvalla | 2000 |
| 44 | Jogi John, Eraviperoor | 50000 |
| 45 | Nicey Rose Joseph, Bangalore | 5000 |
| 46 | Nithin George, Bangalore | 10000 |
| 47 | Annu Abraham, Chennai | 10000 |
| 48 | Dr Mary Chemmannoor Paul Brunei | 25000 |
| 49 | Senior Citizens Fellowship Chegannur | 2000 |
| 50 | Dr. V.J. Mathew Chengannur | 40000 |
| 51 | Mathew Panicker | 1000 |
| 52 | John Cherian, Kollam | 5000 |
| 53 | Dr Susan P.T, Kollam | 5000 |
| | **TOTAL** | **250700** |

## Donation FCRA

| S.No. | Name | Amount |
|---|---|---|
| 1 | Monachan Thomas, Texas, USA | 42450 |

## Special Food

| S.No. | Name | Amount |
|---|---|---|
| 1 | Pappy T. Mathews, Ny, USA | 20000 |
| 2 | Mathew Vaidyan. A, Chennai | 10000 |
| 3 | Dr. Toby Mathews, NY, USA | 10000 |
| 4 | Dr. Anna Jacob, Kollam | 10000 |
| | **TOTAL** | **50000** |

## Memorial Sponsership Endowment

| S.No. | Institute by | Amount |
|---|---|---|
| 1 | Adv. Pappy Mathews & Mrs. Rosamma Pappy, Mavelikkara | 100000 |
| 2 | Mr. Mathew Joseph & Mrs Mary Mathew, Thirivalla | 100000 |
| | **TOTAL** | **200000** |

## Sponsership Endowment

| S.No. | Institute by | Amount |
|---|---|---|
| 1 | George John, Eraviperoor | 100000 |

# Memorial Sponsership Endowments

| Sl. No. | Memorial Sponsorship in the name of | Endowment Amt | Instituted By |
|---|---|---|---|
| 1 | Mr Justin Joy | 100000/- | Mrs.&Mr Joy Mathew, E-25,Sapna Nagar, Gandhidham, Kutch, Gujarat - 370201 |
| 2 | Mr P T Chacko & Mrs Rosamma Chacko, Pallathu | 101675/- | Mr Jogi John NJ,USA |
| 3 | Mr T P Mathew | 100000/- | Mr Varghese Mathew, Chennai |
| 4 | Mr M O John & Mrs Baby John | 100000/- | Mr Jogi John Mangalasseril House, Rohini Gardens, Eraviperror, Thiruvalla-689542 |
| 5 | Kochayya Parambil Mr Idiculla Idiculla & Mrs Annamma Idiculla | 100000/- | Mr K.I. Varghese & Mrs Elizabeth Abraham Varghese, Kadavanthara, Cochin |
| 6 | Adiyanil Kuruvila Vaghese & AnnammaVarghese | 100000/- | Prof. A.V Itty & Mrs. Susy Itty Adiyanil, Kottarakavu, Mavelikkara |
| 7 | Puthenpurackal T.P. Philip & Susan Philip | 100000/- | - do - |
| 8 | Eapen Mathews & Rachel Mathew Thevalasseri Vadakkathil, Kurathikadu, Mavelikkara | 100000/- | Adv. Pappy Mathews & Mrs. Rosamma Pappy, Thevalasseri Vadakkathil, Kurathikadu, Mavelikkara |
| 9 | Phil Joseph Mathew Kochupynammoottil, Kavumbhagom | 100000/- | Mr. Mathew Joseph & Mrs Mary Mathew Kochupynammoottil, Kavumbhagom, Thirivalla |

## Sponsership Endowments

| Sl. No. | In the name of | Endowment Amt | Instituted By |
|---|---|---|---|
| 1 | Edavana Thekkathil<br>Mr. M. Samuel & Mrs. Aleyamma Samuel | Rs. 100000/- | Mr John Samuel & Mrs. Sheeba John<br>Edavana Thekkathil Horeb<br>Kunnom P.O., Mavelikkara, Alappuzha |
| 2 | Jikku John Mathew & Deepa George | 1,00,000/- | Jikku John Mathew &<br>Deepa George, UAE, Dubai |
| 3 | Prasad Varghese & Rani Varghese | 1,00,000/- | Prasad Varghese & Rani Varghese<br>Eraviperoor |
| 4 | Jacob Easow | 1,00,000/- | Dr. Ammu Susanna Jacob<br>Bangalore |
| 5 | Jobin John | 1,00,000/- | Joel.M.John<br>Eraviperoor |
| 6 | Jogi John | 1,00,000/- | George John<br>Mangalasseril, Eraviperoor P.O.,<br>Pathanamthitta, Thiruvalla |

# ADORE

Agency for the Development of the Oppressed
Through Relief and Education
Reg. No. Q 181/84

Adore, Vilayil, TKMC P.O., Kollam PIN : 691005
Email:adoremission@gmail.com
Website: www.adoremission.org www.adoremission.in

For Indian Accounts: A/C no.57034230126.
SBI BISHOP JEROME NAGAR KOLLAM. IFS CODE. SBIN0070054
For Outside Indian Accounts: FCRA A/C Details.
Accout No. 00000040107456931
Nature of Account: FCRA- Savings Bank Account INR
Branch Name & Code: New Delhi Main Branch (00691)
SWIFT CODE : SBININBB104
PAN : AAATA3507A URN : AAATA3507AF20221

## SPONSORSHIP FORM

I Would like to be a sponsor of ____________________ student (s). I promise to pay Rs. 15,000.00 (Rupees Ten Thousand only) per student per year towards the sponsorship charges. I also promise to pray regularly for the Adore Mission and ministry.

| | |
|---|---|
| Name | |
| Address | Postcode : |
| Phone No : | |
| Email | |
| PAN, if any | |
| Signature & Date | |

# എങ്ങനെ പങ്കാളികളാകാം...

1. അഡോർ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

2. അവസരം കിട്ടുമ്പോൾ ഹോസ്റ്റൽ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നേരിൽ കണ്ട് പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്.

3. കുടുംബങ്ങളാട് ബന്ധപ്പെട്ടുള്ള വിശേഷ അവസരങ്ങളിൽ (ഉദാ: ജന്മദിന വാർഷികം, വിവാഹ വാർഷികം തുടങ്ങിയ വിശേഷ അവസരങ്ങളിൽ) ഈ കുട്ടികൾക്ക് ഒരു Special Meal Sponsor ചെയ്യാവുന്നതാണ്.

4. ഒരു കുട്ടിയെ സ്പോൺസർ ചെയ്യുന്നതിലൂടെ (ഒരു വർഷത്തെ സ്പോൺസർഷിപ്പ് തുകയായ് 15,000/- രൂപ ഒന്നിച്ചോ തവണകളായോ നൽകാവുന്നതാണ്.)

5. കുറഞ്ഞത് ഒരു ലക്ഷം രൂപ സംഭാവന നൽകി സ്പോൺസർഷിപ്പ് എൻഡോമെന്റ് എടുത്ത് പങ്കാളിയാവുക.

**അഡോർ നൽകുന്ന സംഭാവനകൾക്ക് ആദായ നികുതി 80G പ്രകാരം ഇളവുകൾക്കും അർഹതയുള്ളതാണ്.**

**PAN : AAATA3507A** **80G URN : AAATA3507AF20221**

**AGENCY FOR DEVELOPMENT OF OPPRESSED THORUGH RELIEF AND EDUCATION (ADORE)**

Reg. No. Q 181/84 under the Travancore-Cochin Literary, Scientific and Charitable Socities Registration Act 1995

**Office :** Adore, Vilayil, TKMC P.O., Kollam PIN : 691005
Tel : +91 9496071964 Email:adoremission@gmail.com
Website: www.adoremission.org www.adoremission.in
**Field Address**: ADORE Hostel, Jimidipeta PO, Rayagada, Odhisa PIN 765002 +91 9908449640

---

President : **MOST REV. DR. THEODOSIUS**
Marthoma Metropolitan
Poolatheen, Thiruvalla P.O.,
Pin - 689101

Secretary : **Rev. Abey T Mammen**
Marthoma Sabha Office, SCS Campus
Thiruvall - 689101
Mob : +91 9496071964

Treasurer : **Rev. David Daniel**
Mathilakom, Arohana Marthoma Church
Puthenkavu P.O. - 689123
Mob : +91 9447398155

**Executive Committee Members :**

**Prof. A.V. Itty**
**Mr. Koruthu Samuel**
**Mrs. Annie Mary Abraham**
**Mr. Saji Thomas**

---

For Private Circulation only
Published by **Secretary** for **Adore**

# About Us

The **Agency for the Development of the Oppressed through Relief and Education (ADORE)** is a registered charitable organization (Reg. no. Q 181/84) with an all-India jurisdiction, headquartered in Kollam, Kerala. Established in the 1980s by the pioneering efforts of Adv. P. A. Cyrus and Br. S.K. Abraham. ADORE's founding mission was the liberation and development of India's oppressed and depressed communities.

Currently, ADORE is actively engaged in the holistic development of poor **tribal and Dalit communities** in the **Rayagada district of Odisha**. Our core work involves empowering impoverished children from remote villages by providing **hostel facilities** near existing schools, giving them access to education they would otherwise lack. We aim to foster their **intellectual, moral, and physical development**, molding them into future village leaders who will drive **social change and holistic development** in their communities.

Beyond education, ADORE implements various **village empowerment programs**. These initiatives include adult literacy, student support, and crucial efforts against social issues like alcoholism, casteism, and superstitions, alongside promoting sanitation and connecting villagers to broader development efforts.

**Support Our Mission**

We invite your prayerful **participation and support** through sponsorships or occasional financial contributions. You can sponsor a student for **15,000 per annum**.